LIBRARY ARCHIVES Kerala Legislative Assembly

പേരാമ്പ്ര ടൗണിൽ ഗതാഗത തടസ്സങ്ങൾ ഒഴിവാക്കാൻ നടപടി

49 [3221] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ടൗണിൽ നിരന്തരമായി ഗതാഗത തടസ്സങ്ങൾ ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം എന്ന നിലയിൽ ഒരു ബൈപാസ് റോഡ് നിർമ്മിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ അതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെ എത്തിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) റോഡ് നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനും മറ്റ് അനന്തര നടപടികൾ സ്വീകരിക്കുന്നതിനും നടപടികൾ കൈക്കൊള്ളുന്നതാണ്.

കുണ്ടുപറമ്പ് എരഞ്ഞിക്കൽ റോഡ് നിർമ്മാണം

50 [3222] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷനിലെ കുണ്ടുപറമ്പ് നിന്നാരംഭിച്ച് എസ്.എച്ച്. 38 എരഞ്ഞിക്കൽ പുതിയ ബൈപ്പാസ് റോഡിൽ എത്തിച്ചേരുന്ന വിധത്തിൽ കനോലിതോടിന് അരികിൽ പൊതുമരാമത്തു വകുപ്പ് ഒരു പുതിയ റോഡ് ഉണ്ടാക്കുവാൻ എന്തെങ്കിലും നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച റോഡിന്റെ അലൈൻമെന്റ് നിശ്ചയിച്ചു കഴിഞ്ഞോ;

(സി) പുതിയ റോഡിനുള്ള നിർദ്ദേശം കൊടുത്തില്ലെങ്കിൽ കുണ്ടുപറമ്പ് എരഞ്ഞിക്കൽ റോഡ് നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് പരിശോധിച്ചു വരികയാണ്.